**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5074** **04-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ചേരിയം ഗവ. ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല. എന്നാൽ WP(C) No.1591/18-ലെ ബഹു. കേരള ഹൈക്കോടതിയുടെ 18/01/22-ലെ വിധിന്യായ പ്രകാരം ഇടമലക്കുടി ഗവൺമെന്റ് ട്രൈബൽ എൽ. പി.സ്കൂളിന്റെ യു.പി.വിഭാഗം തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ട് 02/06/23-ലെ സ.ഉ.(കൈ) നം.70/2023/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല. |
| (സി) | മലപ്പുറം ജില്ലയിൽ ചേരിയം ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | നിലവിൽ ടി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിന് ജില്ലയിലെ ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമാണ്. പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനോ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം ഒന്നും തന്നെ എടുത്തിട്ടില്ല. കൂടാതെ പുതുതായി സ്കൂളുകൾ അനുവദിക്കുന്നത്/അപ്ഗ്രേഡ് ചെയ്യുന്നത്/ പുന:ക്രമീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നത്/ അപ്ഗ്രേഡ് ചെയ്യുന്നത്/Restructuring (എൽ.പി. യോടൊപ്പം 5-ാം ക്ലാസ്സും, യു.പി യോടൊപ്പം 8-ാം ക്ലാസ്സും ആരംഭിക്കുന്നത്) സംബന്ധിച്ച് വിവിധ സ്കൂൾ മാനേജർമാർ ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീൽ നം.1140/2018 ഫയൽ ചെയ്തിരുന്നു. റിട്ട് അപ്പീൽ നം.1140/2018 -ന്റെ 10.07.2019 –ലെ വിധിന്യായത്തിനെതിരെ സർക്കാർ |

| | | | |
|---|---|---|---|
| | | | ബഹു.സുപ്രീംകോടതിയിൽ SLP(C) No.27966-27970/2019 ഫയൽ ചെയ്യുകയും ആയതിന്റെ 02.12.2019-ലെ ഉത്തരവിൽ 10.07.2019-ലെ വിധിന്യായം സ്റ്റേ ചെയ്യുകയുമുണ്ടായി. ആയതിൽ അന്തിമ വിധി ലഭിച്ചിട്ടില്ല. ആയതിനാൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം എന്ന ആവശ്യം പരിഗണിക്കാൻ ഇപ്പോൾ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ